**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5373

26.03.2018- ൽ മറുപടിയ്ക്ക്

# നെരുദ ക്ലബ്ബിന് ഭൂമി അനുവദിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം. രാജഗോപാലൻ | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ നടക്കാവ് നെരുദ ക്ലബ്ബിന് പഞ്ചായത്ത് അധീനതയിലുള്ള ഭൂമി വിട്ട് നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ടെങ്കിലും ഈ ഭൂമി റവന്യൂ വകുപ്പ് മുഖേന ക്ലബ്ബിന് അനുവദിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;<br><br>(ബി) ഈ ഭൂമി ക്ലബ്ബിന്എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എ)<br>&<br>(ബി) | നിലവിൽ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും ഭൂമി പതിച്ച നൽകേണ്ടതില്ല എന്ന ഉത്തരവ് നിലനിൽക്കുന്നുണ്ട്. വിവിധ കലാസാംസ്കാരിക സ്ഥാപനങ്ങളും വായനശാലകളും സാമുദായിക സംഘടനകളും ആരാധനാലയങ്ങളും ചാരിറ്റബിൾ സ്ഥാപനങ്ങളും മറ്റും കാലങ്ങളായി കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ ഓരോ സ്ഥാപനവും പ്രവർത്തിക്കുന്നതിന് വേണ്ടുന്ന ഏറ്റവും കുറഞ്ഞ വിസ്തീർണ്ണം ഭൂമി മാത്രം വ്യവസ്ഥകൾക്കു വിധേയമായി സ്ഥാപനങ്ങൾക്ക് പതിച്ച നൽകുകയോ പാട്ടത്തിന് നൽകുകയോ ചെയ്തതിനുശേഷം ബാക്കി വരുന്ന ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നത് സംബന്ധിച്ച വിഷയത്തിൽ നയപരമായ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരികയാണ്. അപ്രകാരം തീരുമാനമെടുത്തശേഷം ഓരോ കേസും പരിശോധിച്ച് സംഘടനയ്ക്ക് ഭൂമി പതിച്ച നൽകാൻ കഴിയുകയുള്ളൂ. |

Indu.G.S

**സെക്ഷൻ ഓഫീസർ**